പ്രതികൂലമായി ബാധിക്കും. കൊച്ചിയെ ആശ്രയിച്ച് കയറ്റുമതി ചെയ്യുന്ന എല്ലാ കയറ്റുമതിക്കാരുടെ കയറ്റുമതിയെയും അതോടൊപ്പം തന്നെ കൊച്ചി തുറമുഖത്തിന്റെ വികസനം മാത്രമല്ല വല്ലാർപാടം കണ്ടെയിനർ നിർമ്മിക്കാനുള്ള പ്രവർത്തനത്തിനുപോലും ഒരുപക്ഷേ ഇത് തടസ്സമായിട്ട് വരും. അതുകൊണ്ട് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് ഈ പ്രശ്നം എടുത്തിട്ടുള്ളത്. ഞാൻ കേന്ദ്ര മന്ത്രിമാർക്കെല്ലാം അടിയന്തിരമായി ഈ തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സന്ദേശം അയച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യമന്ത്രി, ഷിപ്പിംഗ് മന്ത്രി, വാണിജ്യ മന്ത്രി എന്നിവർക്കെല്ലാം ഈ നിലപാട് കേരളത്തിന് ഹാനികരമാണ്, ഞങ്ങൾക്ക് ശക്തിയായ പ്രതിഷേധമുണ്ട് അതുകൊണ്ട് അടിയന്തിരമായും ഇത് പുനഃപരിശോധിക്കണമെന്നാവശപ്പെട്ട് സന്ദേശം അയച്ചിട്ടുണ്ട്. ഗവൺമെന്റ് ശക്തിയായി സമ്മർദ്ദം ചെലുത്തും. നമ്മുടെ എം.പി.മാരുടെ സമ്മർദ്ദം കൂടുതൽ ഉണ്ടാകുന്നതിനുവേണ്ടി അവരുടെ സഹായം ചോദിച്ചിട്ടുണ്ട്. ജൂലായ് 5-ാം തീയതി എം.പി.മാരുടെ സമ്മേളനം കൂടുമ്പോൾ ഇത് ഒരു അജൻഡയായി ചർച്ച ചെയ്യുകയാണ്. കേരളത്തിന്റെ ഒറ്റക്കെട്ടായിട്ടുള്ള സമ്മർദ്ദത്തിന്റെ ഫലമായി ഈ നിലപാട് പുനഃപരിശോധിപ്പിക്കാൻ നമുക്ക് ശ്രമിക്കാം. അതോടൊപ്പം കൊച്ചി തുറമുഖത്തെ ഇടയ്ക്കിടയ്ക്കുള്ള സമരങ്ങളുടെ പേരും പറഞ്ഞുകൊണ്ട് വേറെ ചിലർ മുതലെടുപ്പിന് ശ്രമിക്കുന്നുണ്ട്. അടുത്തകാലത്തുണ്ടാകുന്ന സമരങ്ങളും ഇത്തരം തീരുമാനങ്ങളെടുക്കുന്നതിന് സഹായകരമായിട്ടുണ്ട് എന്നൊരു ആക്ഷേപമുണ്ട്. അതുകൊണ്ട് കൊച്ചി തുറമുഖത്തിന്റെ സൽപ്പേര് കെടുത്തുന്ന ഒരു നടപടിയും ഒരു ഭാഗത്ത് നിന്നും ഉണ്ടാകരുത്. ഗവൺമെന്റും പ്രതിപക്ഷവും എം.പി.മാരും ഒറ്റക്കെട്ടായി ഈ തീരുമാനം പുനഃപരിശോധിപ്പിക്കുന്നതിന് വേണ്ടി ഒരുമിച്ച് നിൽക്കാം. ഗവൺമെന്റ് ഇപ്പോൾ തന്നെ ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ട്.

(3) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതി

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എന്റെ മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട, ഞങ്ങളുടെയൊക്കെ ഒരു ഡ്രീം, പ്രോജക്റ്റിനെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. 6 പഞ്ചായത്തുകളിലെ 1,50,000-ത്തോളം പേർക്ക് കുടിവെള്ളം എത്തിക്കാനുള്ള മൂർക്കനാട് ശുദ്ധജല വിതരണ പദ്ധതിയുടെ കടലാസ് പണികൾ ഏകദേശം 10 വർഷം മുൻപ് തുടങ്ങിയെങ്കിലും ഇതുവരെയും അതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇതിനുവേണ്ടി ജനപ്രതിനിധികൾ എല്ലാവരും കൂടി പിരിവ് എടുത്തിട്ടാണ് ഈ സ്ഥലം കേരളാ വാട്ടർ അതോറിറ്റിക്ക് കൈമാറിയത്. ഒന്നര വർഷം മുൻപാണ് അത് കൈമാറിയത്. ഇതുവരെ പണി തുടങ്ങിയിട്ടില്ല. അത് ഉടൻ തുടങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ശുദ്ധജല വിതരണ പദ്ധതിയുടെ ആദ്യത്തെ ഭരണാനുമതി കൊടുത്തത് 1999-2000-ലാണ്. 1996-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. 1999-ൽ റിവൈസ്ഡ് ഷെഡ്യൂൾ നിലവിൽ വന്നു. 1999-ലെ റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരമുള്ള പ്രോജക്റ്റ് വീണ്ടും ഭരണാനുമതിക്ക് വേണ്ടി സമർപ്പിച്ചു. 2003 ഏപ്രിലിൽ ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

ഭരണാനുമതി കൊടുത്തു. ആകെ 2875 ലക്ഷം രൂപയാണ് ഈ സ്കീമിന്റെ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത്. എ.ആർ.ഡബ്ല്യൂ.എസ്.എസ്-ൽ ഉൾപ്പെടുത്തിയാണ് ഈ പ്രോജക്റ്റുകൾ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ സാങ്കേതികാനുമതി ഇപ്പോൾ കൊടുത്തിട്ടുണ്ട്. ഈ അടുത്ത സമയത്താണ് കൊടുത്തത്. ഇവിടെ അദ്ദേഹം പറഞ്ഞതിനകത്ത് ഒരു ഭാഗം വിട്ടുപോയി എന്നെനിക്ക് തോന്നുന്നു. ഇതിന്റെ ലോ ലെവൽ സോണിന് നിർമ്മിക്കേണ്ട സംഭരണിക്കുള്ള സ്ഥലം ഇതുവരെ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഞാനൊരു റിവ്യൂ നടത്തിയതനുസരിച്ച് സ്ഥലം കൈമാറ്റം ചെയ്ത് കിട്ടാതെ വന്നിട്ടുള്ള പ്രോജക്റ്റുകളെ സംബന്ധിച്ച് എം.എൽ.എ.മാർക്ക് പലർക്കും കത്ത് എഴുതിയിട്ടുണ്ട്. ആ സ്ഥലം കൂടി ലഭ്യമാക്കണം. എന്താണെങ്കിലും ലോ ലെവൽ സോണിലെ സംഭരണി ഒഴിവാക്കിക്കൊണ്ട് ബാക്കിയുള്ളത് ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോ ലെവൽ സംഭരണിക്കുള്ള സ്ഥലം കൂടി കിട്ടിയാലേ ഈ പ്രോജക്റ്റ് പൂർണ്ണമായി നമുക്ക് ആരംഭിക്കാൻ കഴിയൂ. ടെൻഡർ നടപടികൾ പൂർത്തിയാക്കി വരികയാണ്. ഉടനെ തന്നെ ടെൻഡർ ചെയ്യുന്നതാണ്.

(4) കോഴിക്കോട് ജില്ലയിലെ കോമട്ടുമീത്തൽ എന്ന സ്ഥലത്തെ ബാബുരാജൻ എന്ന ആളിന്റെ ദുരൂഹമരണം

ശ്രീ. യു. സി. രാമൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവട്ടൂർ പഞ്ചായത്തിൽ കോമട്ടുമീത്തൽ ബാബുരാജ്, 40 വയസ്സുള്ള ഒരു തെങ്ങുകയറ്റ തൊഴിലാളിയാണ്. കഴിഞ്ഞ ഒക്ടോബർ മാസം 28-ാം തീയതി
10 A.M.] അദ്ദേഹത്തിന്റെ തറവാട്ടുവീട്ടിലെ കിണറിൽ മരിച്ചുകിടക്കുന്നതായി കാണുകയുണ്ടായി. അദ്ദേഹത്തിനു വളരെ പരിചയമുള്ള സ്ഥലമാണത്. അദ്ദേഹം ജനിച്ചുവളർന്ന സ്ഥലമാണ്. അതുകൊണ്ട് ഇത് അപകടമരണമാകാൻ സാധ്യതയില്ല. അവിടെ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പോലീസ് ഉൾപ്പെടെയുള്ള എല്ലാ അധികാരികൾക്കും പരാതി കൊടുത്തു. ചേവായൂർ പോലീസ് അന്വേഷണം നടത്തി ഇതൊരു അപകടമരണമാണ് എന്നു പറഞ്ഞു തള്ളിയിരിക്കുകയാണ്. ആക്ഷൻ കമ്മിറ്റി ശക്തമായ സമരവുമായി മുന്നോട്ടു പോവുകയാണ്. ബാബുരാജിന്റെ മരണത്തിലെ ദുരൂഹത പുറത്തുകൊണ്ടു വരുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ മരണത്തെക്കുറിച്ച് ക്രൈം കേസ് എടുത്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വെള്ളത്തിൽ വീണു ശ്വാസംമുട്ടി മരിച്ചു എന്നാണ് ഉള്ളത്. മറ്റുതരത്തിൽ സംശയിക്കത്തക്ക തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല. ഇപ്പോൾ അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. അന്വേഷണം നടത്തുന്ന ഒരു ഘട്ടത്തിൽ ആവശ്യമെന്നു തോന്നിയാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കാം. ഇപ്പോൾ ഊർജ്ജിതമായി അന്വേഷണം നടത്താൻ നിർദ്ദേശിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly